ലൈൻ സംബന്ധിച്ച ഗതാഗതസൌകര്യം നടത്തുന്നതിനായി റെയിൽവേ കൺട്രോളർ തിരുവനന്തപുരത്തു് ഒരു ആഫീസു് ആരംഭിച്ചിട്ടുണ്ടു്. സൌകര്യം തുടങ്ങിയോ എന്നറിവില്ല. ഈ ലൈൻ ഏതെല്ലാം സ്ഥലങ്ങളിൽക്കൂടിയാണു പോകുന്നതെന്നും വിഴിഞ്ഞത്തെ സ്ഥിതി എന്തായി എന്നും അറിവില്ല.

സഹകരണസംഘങ്ങളിലെ അംഗങ്ങൾ.

* 709. [24] ശ്രീ. യു. നീലകണ്ഠൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണസംഘങ്ങളിൽ അംഗങ്ങളെ ചേർക്കുവാനുള്ള അവകാശം കമ്മിറ്റിക്കുതന്നെ വിട്ടുകൊടുത്തിട്ടുണ്ടോ;

(ബി) ഏതെല്ലാം സന്ദർഭങ്ങളിലാണു് ഒരപേക്ഷകനു അംഗത്വം നിഷേധിക്കാവുന്നതു്; പാർട്ടി പരിഗണന വച്ചുകൊണ്ടു് ഈ അധികാരം കമ്മിറ്റിക്കാർ ദുർവിനിയോഗം ചെയ്യുന്നതായി മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ :)

(എ) സഹകരണസംഘങ്ങളിൽ അംഗങ്ങളെ ചേർക്കുന്നതിനുള്ള അവകാശം സംഘനിബന്ധനകൾ അനുസരിച്ചു സംഘം കമ്മിറ്റിക്കാണു്.

(ബി) കാരണം പറയാതെ അംഗത്വം നിഷേധിക്കുവാനുള്ള അവകാശം കമ്മിറ്റിക്കുണ്ടു്. ഈ അധികാരം ദുർവിനിയോഗം ചെയ്യുന്നതായി അറിവില്ല.

മദ്യനിരോധനക്കമ്മീഷൻ.

* 710. [34] ശ്രീ. സി. എ. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) മദ്യനിരോധനക്കമ്മീഷന്റെ ശുപാർശകൾ ഗവണ്മെന്റിനു ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ശുപാർശകൾ അംഗീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) തൻമൂലം സംജാതമാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അവയെ നേരിടുവാനുള്ള ഗവണ്മെന്റിന്റെ പദ്ധതികൾ എന്തെല്ലാം?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) ഉണ്ടു്.

(ബി) തീരുമാനം എടുത്തിട്ടില്ല.

(സി) ഉണ്ടു്.

(ഡി) തീരുമാനിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly